"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്ത് - ഓഡിറ്റ് റിപ്പോർട്ട് 2009-10 - ഖണ്ഡിക 3.2 - കർഷക തൊഴിലാളി പെൻഷൻ - തനതു ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചത്- സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.994/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/06/2018 ലെ HC 5181/17 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 05/09/2018 ലെ PAN/21808/2018/M3 (DP)നമ്പർ കത്ത്

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30/01/2020 ലെ DKSA/1373/19/PT നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്ത് 2009-10 വർഷം വിവിധ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ട്രഷറി ബിൽ നം. 5/2009-10 തീയതി 26.08.2009 പ്രകാരം പിൻവലിച്ച 9,15,637/- രൂപയിൽ കർഷകത്തൊഴിലാളി പെൻഷൻ നല്കുന്നതിനുള്ള 4,02,883/- രൂപയും ഉൾപ്പെട്ടിരുന്നു. ആയതിൽ നിന്നും 3,65,084/- രൂപ (മൂന്നു ലക്ഷത്തി അറുപത്തയ്യായിരത്തി എൺപത്തി നാല് രൂപ മാത്രം) കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത ശേഷം ബാക്കി തുകയായ 37,799/- രൂപ തനതു ഫണ്ടിലേയ്ക്ക് റീ ഇംപേഴ്സ് ചെയ്തിരുന്നെന്നും, 2009 ഏപ്രിൽ മാസം വൗച്ചർ നമ്പർ 74, ചെക്ക് നമ്പർ 91178/24.04.2009 എന്നിവ മുഖേന തനതു ഫണ്ടിൽ നിന്നും പിൻവലിച്ച കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത 37,799 രൂപയാണ് ഇപ്രകാരം റീ ഇംപേഴ്സ് ചെയ്തിരുന്നതെന്നും ഈ നടപടി ക്രമവിരുദ്ധമായതിനാൽ സർക്കാർ സാധൂകരണം തേടേണ്ടതാണെന്നും മേലില ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2-ൽ പരാമർശിച്ചിരുന്നു.

2. അതിൻപ്രകാരം സർക്കാർ സാധൂകരണം അഭ്യർത്ഥിച്ചുകൊണ്ട് മേലില ഗ്രാപഞ്ചായത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18/5/2018 തീയതിയിലെ യോഗത്തിലെ 5/1 നമ്പർ തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 13/6/18 ലെ യോഗത്തിലെ 12-ാം നമ്പർ തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

3 . തനതു ഫണ്ടിൽനിന്നും ക്ഷേമപെൻഷൻ തുക വിതരണം ചെയ്യുകയും തുടർന്ന് അലോട്ട്മെന്റ് ലഭിച്ചപ്പോൾ തിരികെ അടവാക്കുകയും ചെയ്ത നടപടി ക്രമരഹിതമാണെന്നും അതിനാൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നും ഓഡിറ്റ് ഖണ്ഡികയിൽ വ്യക്തമാക്കിയിരുന്നതാണെന്നും ഓഡിറ്റ് റിപ്പോർട്ട് കാലയളവിൽ ക്ഷേമപെൻഷനുകൾ ഗ്രാമപഞ്ചായത്ത് ബി-ഫണ്ട് അലോട്ട്മെന്റിൽ നിന്നും നേരിട്ട് ഗുണഭോക്താക്കൾക്ക് മണിഓർഡർ ആയിട്ട് പോസ്റ്റ്ഓഫീസ് മുഖേന അയയ്ക്കുകയാണ് ചെയ്തിരുന്നതെന്നും, ക്ഷേമ പെൻഷൻ നൽകുന്നതിന് ഏതെങ്കിലും കാരണവശാൽ അലോട്ട്മെന്റ് തുക തികയാതെ വന്നാൽ ആയത് തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നൽകുകയും അലോട്ട്മെന്റ് ലഭിയ്ക്കുന്ന മുറയ്ക്ക് തനതു ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യുകയുമാണ് ചെയ്തിരുന്നതെന്നും ഇവിടെ അധികമായി തുക പിൻവലിക്കുകയോ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ലെന്നും, മേലില ഗ്രാമപഞ്ചായത്തിന്റെ 18.05.2018തീയതിയിലെ യോഗത്തിലെ 5/1 നമ്പർ തീരുമാനം, ജില്ലാതല

ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13.06.2018 തീയതിയിലെ യോഗത്തിലെ 12-ാം നമ്പർ തീരുമാനം എന്നിവകൂടി പരിഗണിച്ച് മേലില ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2ന് സാധൂകരണം നൽകുന്ന വിഷയത്തിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം (3) പ്രകാരം സംസ്ഥാന ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കർഷകത്തൊഴിലാളികൾക്കുള്ള ക്ഷേമപെൻഷൻ സമയ ബന്ധിതമായി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടി ആയതിനാലും, തുക കൃത്യസമയത്ത് ക്രമീകരിച്ചിട്ടുള്ളതിനാൽ സാധൂകരണം നൽകണമെന്ന ആവശ്യം പരിഗണിക്കാമെന്ന് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളതിനാലും, കർഷക തൊഴിലാളി പെൻഷൻ നൽകുന്നതിനായി തനതു ഫണ്ടിൽ നിന്നും 37799/- രൂപ (മുപ്പത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റൊൻപത് രൂപ) പിൻവലിക്കുകയും പെൻഷൻ തുകയുടെ അലോട്ട്മെന്റ് ലഭിച്ച മുറയ്ക്ക് ആയത് തിരിച്ചടയ്ക്കുകയും ചെയ്ത മേലില ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

സെക്രട്ടറി, മേലില ഗ്രാപഞ്ചായത്ത്, കൊല്ലം

ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡെപ്യൂട്ടി ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ